**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിൽ ശിപായി തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.റ്റി.ജയകുമാറിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 526/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.02.2017

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 29.04.2016 തിയതിയിലെ ഇ 3-17040/15 നമ്പർ കത്ത്.

## ഉത്തരവ്

മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം നഗരസഭയിൽ ശിപായി തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.റ്റി.ജയകുമാറിന് 16/02/2006 ൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയിരുന്നു. എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവേ ശ്രീ.റ്റി.ജയകുമാറിന് 50 വയസ്സ് പൂർത്തിയായതിന്റെ ആനുകൂല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ആലുവ നഗരസഭയിൽ നിയമനം നൽകി ഉത്തരവായിരുന്നു. എന്നാൽ ശ്രീ.റ്റി.ജയകുമാർ എം.ഒ.പി ടെസ്റ്റ് യോഗ്യത നാളിതുവരെ നേടിയിട്ടില്ലാത്തതിനാൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരുന്നില്ല. ആയതിനാൽ ശ്രീ.റ്റി.ജയകുമാറിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺസർവ്വീസിൽ ശിപായി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് 16/02/2006 ൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം വഴി പ്രവേശിച്ച ശ്രീ.റ്റി.ജയകുമാറിന്റെ സാധാരണഗതിയിലുള്ള നിരീക്ഷണകാലം 15.02.2008 വരെയാണ്. ശ്രീ.റ്റി.ജയകുമാർ ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ ടെസ്റ്റുകളൊന്നും പാസ്സായിട്ടില്ലാത്തതിനാൽ, ടിയാന് 50 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ മറ്റെല്ലാ തരത്തിലും യോഗ്യനാണെങ്കിൽ ടിയാന്റെ നിരീക്ഷണകാലം 19/04/2015 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് ടിയാന്റെ നിരീക്ഷണകാലം 16.02.2008 മുതൽ 20/04/2015 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം ( ശ്രീ.റ്റി.ജയകുമാറിന്റെ സേവനപുസ്തകം സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.